ഉത്തരം

(എ) ഉണ്ട്.

(ബി) പരിശോധിച്ചുവരികയാണ്.

ആലപ്പുഴ ചമ്പക്കുളം പഞ്ചായത്ത് അറുസൂറ്റും ചക്കുംകരി പാടശേഖരത്തിന്റെ പുറംബണ്ടിന്റെ സംരക്ഷണ പദ്ധതികൾ ചെയ്യുന്നതിന് നടപടി

49 [2766] ശ്രീ. ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ചമ്പക്കുളം പഞ്ചായത്ത് അറുസൂറ്റും ചക്കുംകരി പാടശേഖരത്തിന്റെ പുറംബണ്ടിന്റെ സംരക്ഷണ പണികൾ ചെയ്യുന്നതിന് ഏതെങ്കിലും സംഘത്തെ ചുമതലപ്പെടുത്തിയിട്ടുണ്ടോ;

(ബി) തിരുവനന്തപുരം ചെറുകിട ജലസേചന വിഭാഗം സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ 14/എ.ഇ.എം.ഐ. 2003-04 നമ്പർ ദർഘാസ് പത്രപ്പരസ്യപ്രകാരം എത്ര ടെണ്ടർ അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) ദർഘാസ് പരസ്യപ്രകാരം ഏറ്റവും കുറഞ്ഞ തുകയ്ക്കുള്ള ടെണ്ടർ അപേക്ഷ ഏത് സംഘത്തിന്റേതായിരുന്നു;

(ഡി) ദർഘാസ് പരസ്യത്തിൽ പറയുംപ്രകാരം പൂർണ്ണമായും യോഗ്യതയുള്ള ടെണ്ടർ സമർപ്പിച്ച സംഘം ഏതായിരുന്നു;

(ഇ) പ്രസ്തുത സംഘത്തിന് ടെണ്ടർ ഉറപ്പിച്ച് നൽകാതെ യോഗ്യത കുറഞ്ഞ സംഘത്തിന് ടെണ്ടർ ഉറപ്പിച്ച് നൽകി എന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിൻമേൽ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഇല്ല. ടി ജോലി സംബന്ധിച്ച കോൺട്രാക്റ്റ് ഒരു വ്യക്തിക്കാണ് നൽകിയിട്ടുള്ളത്.

(ബി) പത്ത്.

(സി) ഏറ്റവും കുറഞ്ഞ തുകയ്ക്കുള്ള ടെണ്ടർ അപേക്ഷ നൽകിയത് ശ്രീ. ജോസഫ് സ്കറിയ എന്ന കോൺട്രാക്ടറാണ്. ഒപ്പം നൽകിയ സഹകരണ സംഘങ്ങളുടെ റേറ്റിലും കുറവാണ് ടിയാൻ നൽകിയ ടെണ്ടർ തുക.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പൂർണ്ണ യോഗ്യതയുള്ള ടെണ്ടറുകൾ ഇതിൽ പങ്കെടുത്ത രണ്ട് സഹകരണ സംഘങ്ങളും നൽകിയിരുന്നില്ല.

(ഇ) ഈ പ്രവൃത്തിയുടെ ടെണ്ടർ സഹകരണ സംഘങ്ങൾക്കല്ല നൽകിയിട്ടുള്ളത്. ഏറ്റവും കുറച്ച് റേറ്റ് എഴുതിയിട്ടുള്ള വ്യക്തിക്കാണ് നൽകിയിട്ടുള്ളത്. ടെണ്ടർ സമർപ്പിച്ച സഹകരണ സംഘങ്ങൾക്ക് പ്രസ്തുത കാലയളവിൽ രജിസ്ട്രേഷൻ നിലവിലില്ല എന്ന് സഹകരണ സംഘങ്ങളുടെ ജോയിന്റ് രജിസ്ട്രാറുടെ കത്തിൽ വ്യക്തമാക്കിയിരുന്നതിനാൽ അവ പരിഗണിച്ചില്ല. തങ്ങളുടെ ടെണ്ടർ പരിഗണിക്കാത്തതിനെക്കുറിച്ച് ആലപ്പുഴ ടൗൺ ലേബർ കോൺട്രാക്റ്റ് സൊസൈറ്റി നമ്പർ എ 1006 ഒരു പരാതി നൽകിയിരുന്നെങ്കിലും പ്രസ്തുത സംഘം യോഗ്യത തെളിയിക്കുന്നതിനുള്ള ജോയിന്റ് രജിസ്ട്രാറുടെ സർട്ടിഫിക്കറ്റ് ഹാജരാക്കാത്തതിനാൽ അത് പരിഗണിച്ചില്ല.

പന്തളം നിയോജകമണ്ഡലത്തിൽപ്പെട്ട നൂറനാട് എൽ. ഐ. സി. കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പുരോഗതി

50 [2767] ശ്രീ. കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ പന്തളം നിയോജകമണ്ഡലത്തിൽപ്പെട്ട നൂറനാട് എൽ.ഐ.സി. കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി ത്വരിതഗതിയിൽ പൂർത്തിയാക്കുന്നതിന് തടസ്സമായി നിൽക്കുന്ന കാരണങ്ങൾ വിശദമാക്കാമോ;

(സി) ഈ പദ്ധതി എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശുദ്ധീകരണ ശാലയ്ക്കുള്ള സ്ഥലം കേരളാ വാട്ടർ അതോറിറ്റിയുടെ അധീനതയിൽ ആയിട്ടുണ്ട്. അതിന്റെ ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. ആവശ്യമായ പൈപ്പ് വാങ്ങാനുള്ള നടപടിക്രമങ്ങൾ തുടങ്ങിയിട്ടുണ്ട്. പൈപ്പ് ലഭ്യമാകുന്ന മുറയ്ക്ക് പണി തുടങ്ങുന്നതാണ്. ബാക്കിയുള്ള ഘടകങ്ങളുടെ സ്ഥലമെടുപ്പ് പുരോഗമിച്ചുവരുന്നു.

(ബി) സ്ഥലമെടുപ്പ് പൂർത്തിയാക്കാത്തതും പൈപ്പ് ലഭ്യമല്ലാത്തതുമാണ് പദ്ധതി പൂർത്തിയാക്കുന്നതിന് തടസ്സമായി നിൽക്കുന്നത്. ഫണ്ടിന്റെ ലഭ്യതയും പ്രധാന ഘടകമാണ്.

(സി) ഫണ്ട് ലഭ്യമായാൽ 30 മാസത്തിനകം പണി പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly